**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **06-12-2022 - ൽ മറുപടിയ്ക്ക്**

**യുവസഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പ് ആരംഭിച്ച യുവസഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നിശ്ചിത ഇടവേളകളിൽ സംഘങ്ങളുടെ അവലോകന യോഗങ്ങൾ നടത്തുന്നു. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ നോഡൽ ആഫീസർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തി വരുന്നു. സംഘത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ 10ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) | യുവശക്തിയെ ഗുണപരമായി ഉപയോഗിക്കുക എന്ന കാഴ്ചപ്പാടിലൂന്നി എന്തെല്ലാം നൂതന സംരംഭക ആശയങ്ങളാണ് ഇത്തരം യുവ സഹകരണ സംഘങ്ങളിലൂടെ പരിഗണിക്കപ്പെട്ടത് എന്ന് വിശദമാക്കുമോ; | (ബി) | യുവജനങ്ങളുടെ തൊഴിൽ വൈദഗ്ദ്ധ്യം, വിദ്യാഭ്യാസ നിലവാരം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരംഭക ആശയങ്ങൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി കാർഷിക-കാർഷികാനുബന്ധ മേഖല, അഗ്രോ മാർക്കറ്റിംഗ്, ഫുഡ് പ്രോസസിങ് യൂണിറ്റുകൾ, ഈവന്റ് മാനേജ്മെന്റ്, കാറ്ററിംഗ് സർവ്വീസുകൾ, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പ്രദ്ധതികൾ, ഐടി മേഖല, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖല, ഡിസൈൻ, ആർട്ടിസ്റ്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ജന സേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഡിജിറ്റൽ വർക്കുകൾ, സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ്, ആപ്ലിക്കേഷൻ ഡെവലപ്പ്മെന്റ്, സോളാർ എനർജി, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, മാൻ പവർ സപ്ലൈ, പുസ്തക മേളകൾ സംഘടിപ്പിക്കൽ, പഠന യാത്രകൾ സംഘടിപ്പിക്കൽ, ട്യൂട്ടോറിയൽ സർവ്വീസസ്, |

| | | | |
|---|---|---|---|
| | | | വ്യവസായം, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, കുടിവെള്ള യൂണിറ്റുകളുടെ സ്ഥാപനം, കരിയർ ഗൈഡൻസ് സെന്ററുകൾ സ്ഥാപിക്കുക, തയ്യൽ, ലേബർ കോൺട്രാക്ട് വർക്കുകൾ, മറ്റ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയ ആശയങ്ങളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ട യുവജനങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് ഇത്തരം സഹകരണസംഘം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം നേട്ടങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | (സി) | സർക്കാരിന്റെ രണ്ടാംഘട്ട നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് ഒരു ജില്ലയിൽ ഒന്നു വീതം 14 പട്ടിക ജാതി /പട്ടിക വർഗ്ഗ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉത്പാദന, സേവന മേഖലകളിൽ പ്രാദേശികമായി സാദ്ധ്യതയുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഊന്നൽ നൽകി പ്രവർത്തിക്കുന്നതിനും അതിലൂടെ പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട് യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിച്ച്, അവരുടെ പങ്കാളിത്തം സഹകരണ പ്രസ്ഥാനത്തിന് ലഭ്യമാക്കുക എന്നതും ഇതിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങളാണ്. |

സെക്ഷൻ ഓഫീസർ